**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2245** **09-02-2023 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിൽ ലൈഫ് മിഷനുമായി ബന്ധപ്പെട്ട അപേക്ഷകൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | കേരള ഭൂവിനിയോഗ ഉത്തരവിന്റെയും തണ്ണീർതട സംരക്ഷണ നിയമം തുടങ്ങിയവയുടേയും പരിധിയിൽപ്പെടുന്ന ഭൂമി പ്രശ്നങ്ങളുള്ള എത്ര അപേക്ഷകൾ പാലക്കാട് ജില്ലയിൽ ലൈഫ് മിഷനുമായി ബന്ധപ്പെട്ട് നിലവിലുണ്ട്; അതിൽ എസ്.സി-എസ്.റ്റി വിഭാഗത്തിൽപ്പെട്ടവരുടെ എത്ര അപേക്ഷകളുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ഭൂമി പ്രശ്നങ്ങളുള്ള 99 അപേക്ഷകളാണ് നിലവിലുള്ളത്. അതിൽ എസ്.സി വിഭാഗക്കാരുടെ 71 അപേക്ഷകളും എസ്.ടി വിഭാഗത്തിലുള്ളവരുടെ 1 അപേക്ഷ യുമാണ് നിലവിലുള്ളത്. |
| (ബി) | പ്രസ്തുത പ്രശ്നം പരിഹരിച്ച് ഭവന നിർമാണം ആരംഭിക്കുന്നതിനു വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (ബി) | ലൈഫ് മിഷനുമായി ബന്ധപ്പെട്ട് പഞ്ചായത്ത് തലത്തിൽ ലഭ്യമാകുന്ന അപേക്ഷകൾ റവന്യൂ ഡിവിഷണൽ ഓഫീസ് മുഖാന്തിരം പ്രത്യേക പരിഗണന നൽകി നിയമപരമായി തീർപ്പാക്കുന്നതിന് ജില്ലാ തലത്തിൽ നടപടി സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ